പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5810 — 02.07.2014 ലെ മറുപടിയ്ക്ക്

## ടൂറിസം ഡയറക്ടറേറ്റ് പിൻ അപ് ബോർഡും സ്റ്റാന്റും വാങ്ങിയതിലുള്ള അഴിമതിയെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം

| ചോദ്യം<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീ. കെ.കെ.നാരായണൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ടൂറിസം ഡയറക്ടറേറ്റ് പിൻ അപ് ബോർഡും സ്റ്റാന്റും വാങ്ങിയതിലുള്ള അഴിമതിയെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം വിശദമാക്കാമോ ; | എ) | കനകകുന്ന് പാലസിൽ വച്ച് നടക്കുന്ന എക്സിബിഷനുകൾക്ക് ഉപയോഗിക്കാനായി പിൻ ബോർഡ് വാങ്ങിയതിൽ ക്രമക്കേട് നടന്നതായി അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധന പ്രകാരം പരാമർശം നടത്തിയിട്ടുണ്ട്. ഇത് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് വകുപ്പിലെ സീനിയർ ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) | അഴിമതികാട്ടിയെന്ന് ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാട്ടിയ ഉദ്യോഗസ്ഥർ ആരാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടി എന്തെന്നും അറിയിക്കുമോ ; | ബി) | അഴിമതി നടത്തിയെന്ന് ഓഡിറ്റ് വിഭാഗം ഒരു ഉദ്യോഗസ്ഥനെതിരെയും പരാമർശം നടത്തിയിട്ടില്ല |
| സി) | ഇതേ ഉദ്യോഗസ്ഥർ തന്നെ കനകക്കുന്നിൽ സ്ഥാപിച്ചിരിക്കുന്ന ഏറ്റവും ഉയരമുള്ള കൊടിമരത്തിലെ ദേശീയപതാകയോട് അനാദരവ് കാണിച്ചെന്നും ദേശീയ പതാക വാങ്ങുന്നതിലും അഴിമതി കാണിച്ചതായും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടോ ; | സി) | കനകകുന്നിൽ സ്ഥാപിച്ചിരിയ്ക്കുന്ന കൊടിമരത്തിലെ ദേശീയ പതാകയോട് അനാദരവ് കാണിച്ചതായി പരാമർശം നടത്തിയിട്ടുണ്ട്. എന്നാൽ ദേശീയ പതാക വാങ്ങുന്നതിൽ അഴിമതി കാണിച്ചതായി പരാമർശിച്ചിട്ടില്ല. |
| ഡി) | കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; നടപടി എടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ? | ഡി) | ഓഡിറ്റ് പരാമർശത്തെ തുടർന്ന് സൂപ്രണ്ടിനോട് വിശദീകരണം ആവശ്യപ്പെടുകയും പതാകയോട് അനാദരവ് കാട്ടിയിട്ടില്ല എന്നും ഉപയോഗിക്കുവാൻ കഴിയാത്ത പതാകകൾ അവ വരുന്ന ബാരലിൽ തന്നെ എല്ലാ വിധ ബഹുമതികളോടും കൂടി സൂക്ഷിച്ചിരിക്കുകയാണെന്ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ